(തുക ലക്ഷത്തിൽ)

പദ്ധതി	തുക	ചെലവ്	ബാക്കി
സംസ്ഥാന പദ്ധതി (എസ്.ഡി.ജി. മുഖേന വകയിരുത്തിയ തുക ഉൾപ്പെടെ)	19438.90	17554.07	1884.83
എൻ.ആർ.സി.(എൽ.റ്റി.ഒ)	0.03	...	0.03
എൻ.സി.ഡി.സി. പദ്ധതി (എസ്.ഡി. ജി. മുഖേന വകയിരുത്തിയ തുക ഉൾപ്പെടെ)	8000	7452.15	547.85

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന പദ്ധതിയിനത്തിൽ 8999.00 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിനത്തിൽ 4500.00 ലക്ഷം രൂപയും ഉൾപ്പെടെ 13499 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണി ഇടപെടലിനായി കൺസ്യൂമർ ഫെഡറേഷന് 2012-13 സാമ്പത്തിക വർഷത്തിൽ 69.50 കോടി രൂപയും 2013-14-ൽ 80 കോടി രൂപയും 2014-15-ൽ 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ത്രിവേണി മെഡിക്കൽ സ്റ്റോറുകൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെകീഴിൽ നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിച്ചുവരുന്നത്.

സഹകരണ ബാങ്കിംഗ് മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ

98 (443) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ ബാങ്കിംഗ് മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ ബാങ്കുകൾ വഴി കാർഷിക മേഖലയുടെ പുരോഗതിക്കായി നടപ്പിലാക്കിയ വായ്പ പദ്ധതികൾ എന്തെല്ലാം ?

ഉത്തരം

(എ) സഹകരണ വായ്പാ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. മുതലായ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നത്. നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലാ ബാങ്കുകൾ സ്വന്തം നിലയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. NAFCUB-ന്റെ നിർദ്ദേശ പ്രകാരവും സ്വന്തമായും 24 അർബൻ ബാങ്കുകളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റുള്ളവയിൽ കോർബാങ്കിംഗ് നടപ്പിലാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. 2012-13 സാമ്പത്തിക വർഷം മുതൽ സർക്കാർ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി ഇതുവരെ 88 സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കായി ആകെ 936.36 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ പ്രവർത്തനമേഖലയും ഇടപാടുകാരുടെ സൗകര്യവും കണക്കിലെടുത്ത് അനുയോജ്യമായ സംവിധാനം തെരഞ്ഞെടുക്കേണ്ടത് അതാത് സംഘം ഭരണ സമിതിയാണ്. ടി സംവിധാനം നടപ്പിൽ വരുത്തുമ്പോൾ പൊതുഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ആവശ്യമായ സംഘങ്ങൾ/ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകാറുണ്ട്.

സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ 31-3-2014-ൽ 4% മൂലധന പര്യാപ്തത കൈവരിക്കണമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിഷ്കർഷിച്ചിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ ആയത് കൈവരിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്ക്, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, മലപ്പുറം, കാസർഗോഡ് ജില്ലാ സഹകരണ ബാങ്കുകൾക്കുമായി സർക്കാർ ഓഹരി മൂലധനമായി 106.39 കോടി രൂപ അനുവദിക്കുന്നതിന് ഈ സർക്കാർ പ്രത്യേക പദ്ധതി നടപ്പാക്കുകയുണ്ടായി.

(ബി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവരുടെ പലിശ ബാധ്യത സർക്കാർ വഹിക്കുന്ന ഉത്തേജന പലിശ ഇളവ് വായ്പാ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് അവരുടെ പലിശ ബാദ്ധ്യത ഈ പദ്ധതി പ്രകാരം സർക്കാർ വഹിക്കുകയും പ്രസ്തുത വായ്പ പലിശരഹിത വായ്പയായി മാറുകയും ചെയ്യുന്നതാണ് ഈ വായ്പപദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നെൽ കർഷകർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നെൽകർഷകർ നെൽകൃഷിക്കായി എടുക്കുന്ന കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ പ്രസ്തുത വായ്പയുടെ പലിശ ബാദ്ധ്യത സർക്കാർ നൽകുന്നു. ഇതുകൂടാതെ കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി കർഷകർക്ക് കോഴി/ താറാവ്/മത്സ്യം വളർത്തുന്നതിനും ആട്, മാട് വളർത്തുന്നതിനുമുള്ള പ്രത്യേക വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

സഹകരണ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ

99 (444) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് ഉണ്ടായത് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികളും അവയുടെ പ്രയോജനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്